**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3451** **14-07-2022 - ൽ മറുപടിയ്ക്ക്**

**മങ്കട ആർട്സ് ആന്റ് സയൻസ് കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മങ്കട ആർട്സ് ആന്റ് സയൻസ് കോളേജിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ അവശേഷിക്കുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | മങ്കട ആർട്സ് & സയൻസ് കോളേജിൽ അവശേഷിക്കുന്ന നിർമ്മാണ പ്രവർത്തികൾ ഒന്നാം നിലയിലെ ഇലക്ട്രിഫിക്കേഷൻ വർക്കുകൾ, ജനലുകൾ പിടിപ്പിക്കൽ, താങ്ങുമതിൽ നിർമ്മാണം എന്നിവ യാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിയ്ക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ബി) | 2021-2022 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ നിന്നും ഇലക്ട്രിഫിക്കേഷൻ വർക്കുകൾ പൂർത്തീകരിക്കുന്നതിനായി 20,41,222/- രൂപയും ചുറ്റുമതിൽ & താങ്ങു മതിൽ നിർമ്മാണത്തിനായി 99,35,541/- രൂപയും അനുവദിച്ചിട്ടുണ്ട്. കോളേജിന്റെ നിർമ്മാണ പ്രവർത്തികളുടെ നിർവ്വഹണ ഏജൻസിയായ KITCO യെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ സാമ്പത്തിക വർഷം അവസാനിച്ചിട്ടും KITCO ടെൻഡർ നടപടി പൂർത്തീകരിച്ച് പ്രവർത്തികൾ തുടങ്ങാത്ത സാഹചര്യത്തിൽ ടി തുക സറണ്ടർ ആയി. ഈ സാമ്പത്തിക വർഷം അവശേഷിക്കുന്ന ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾ ചുറ്റുമതിൽ & താങ്ങുമതിൽ നിർമ്മാണം എന്നിവ ആരംഭിക്കണമെന്ന് KITCO യെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ